**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5545**

**04-07-2013-ലെ മറുപടിയ്ക്ക്**

## തൊഴിലാളി സംഘടനകളുടെ രജിസ്ട്രേഷൻ ഓൺലൈനിൽ ആക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻനായർ :<br>ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. എ.റ്റി.ജോർജ്ജ് : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളുടേയും തൊഴിലാളി സംഘടനകളുടേയും രജിസ്ട്രേഷൻ ഓൺലൈനിൽ ആക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തുടക്കം കുറിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സേവനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ ആക്കിയിട്ടുണ്ട്. www.lckerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. |
| (ബി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി)<br>1. കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കൽ.<br>2. മോട്ടോർതൊഴിലാളി നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ<br>3. അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമ പ്രകാരമുള്ള ലൈസൻസും, രജിസ്ട്രേഷനും<br>4. കോൺട്രാക്ട് ലേബർ രജിസ്ട്രേഷൻ/ലൈസൻസ്<br>5. ചുമട്ടു തൊഴിലാളി രജിസ്ട്രേഷൻ<br>6. ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ? | (സി) കെൽട്രോൺ, ഐ.റ്റി.മിഷൻ കേരള. |

സെക്ഷൻ ഓഫീസർ